Draft #2 of File 46487/AC A1-3/2022/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 23-Mar-2022 03:53 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

46487/AC A1-3/2022/VC SECTION 23.03.2022

പ്രിയദർശിനി ഹിൽസ്

## പരിപത്രം

വിഷയം : സർവ്വകലാശായിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ മധ്യവേനലവധി ക്രമീകരണം സംബന്ധിച്ച് .

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ മധ്യവേനലവധി 2022 ഏപ്രിൽ 1 മുതൽ മെയ് 31 വരെ ആയി ക്രമീകരിച്ചിരിക്കുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22ലെ അധ്യയനവർഷം വളരെ വൈകി മാത്രം ആരംഭിച്ച സാഹചര്യത്തിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നതിനും വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിനും മുൻഗണന നൽകേണ്ടതിനാൽ, സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ 2022-ലെ മധ്യവേനൽ അവധിക്കാലത്ത് കോളേജുകളിലെ അക്കാദമിക പ്രവർത്തനങ്ങൾ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ക്രമീകരിക്കേണ്ടതാണ്.

1. സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ മധ്യവേനലവധി 2022 ഏപ്രിൽ 1 മുതൽ മെയ് 31 വരെ ആയിരിക്കും.
2. മധ്യവേനൽ അവധിക്ക് ശേഷം കോളേജുകൾ 2022 ജൂൺ ഒന്നാം തീയതി തുറന്നു പ്രവർത്തിക്കുന്നതാണ് .
3. പൂർത്തിയാകാത്ത പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കുന്നതിനായി ആവശ്യമെങ്കിൽ അദ്ധ്യാപകർ ഓൺലൈൻ/ഓഫ് ലൈൻ ക്ലാസുകൾ നടത്തി അവ പൂർത്തിയാക്കേണ്ടതാണ്.
4. ഓഫ്ലൈൻ ആയി ക്ലാസുകൾ നടത്തുവാൻ അദ്ധ്യാപകർ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ കോവിഡ് മാനദണ്ഡം അനുസരിച്ച് അതിനുള്ള ക്രമീകരണങ്ങൾ സ്ഥാപന മേലധികാരി നടത്തേണ്ടതാണ് .
5. മധ്യവേനൽ അവധിക്കാലത്ത് സർവ്വകലാശാല നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള എല്ലാ പരീക്ഷകളും കോവിഡ് മാനദണ്ഡം അനുസരിച്ച് മാറ്റമില്ലാതെ നടക്കും .
6. കോവിഡ് മാനദണ്ഡം അനുസരിച്ച് സർവ്വകലാശാല പരീക്ഷകൾ നടത്തേണ്ടതിനാൽ അദ്ധ്യാപകരുടെ അധിക സേവനം ആവശ്യമായി വരുന്നുവെങ്കിൽ അതിനുള്ള ക്രമീകരണങ്ങൾ സ്ഥാപന മേലധികാരി നടത്തേണ്ടതാണ്.
7. സർവ്വകലാശാല ആർട് സ് & സ്പോർട് സ് മത്സരങ്ങൾ മധ്യവേനലവധിക്കാലത്ത് ആരംഭിക്കുന്ന സാഹചര്യത്തിൽ കോളേജ് തലത്തിൽ ഈ മത്സരങ്ങൾ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാകേണ്ടതാണ് .
8. പ്രാക്ടിക്കൽ ക്ലാസ്സുകൾ, കോവിഡ് മാനദണ്ഡം പാലിച്ച് ഓഫ് ലൈൻ രീതിയിൽ കൃത്യമായി നടത്തുന്നതിനുള്ള സജ്ജീകരണം പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്.
9. മധ്യവേനൽ അവധി സമയത്ത് കേന്ദ്രീകൃത പ്രവേശനവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ Help Desk-കൾ കോളേജുകളിൽ ഒരുക്കേണ്ടതും ഇതിനായി നിയോഗിക്കപ്പെടുന്ന പ്രവേശന ഓഫീസർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

കാഞ്ചന എൻ. നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്കുവേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ് :

1. അഫിലിയേറ്റഡ് കോളേജുകൾ
2. വി.സി /പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എ ആർ / ഡി ആർ / ജെ ആർ (അക്കാദമിക്)
5. ഐ.ക്യൂ .എ.സി/എ.സി.സി.1/ എ.സി.സി.2/ റെക്കോർഡ്സ് സെക്ഷൻ
6. പി.ആർ.ഒ സെക്ഷൻ /കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #2 of File 46487/AC A1-3/2022/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 23-Mar-2022 03:53 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം